**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.03.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷത യിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയും സന്നിഹിതരായിരുന്നു.

**1.** സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.03.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം വികസനഫണ്ടിനത്തിൽ ആകെ 3026.38 കോടി രൂപ (54.92ശതമാനം)യും, ഗ്രാമപഞ്ചായത്തുകൾ 1644.15 കോടി രൂപ (57.81 ശതമാനം)യും, ബ്ലോക്ക് പഞ്ചായത്തുകൾ 430.04 രൂപ (63.46ശതമാനം) യും ജില്ലാ പഞ്ചായത്തുകൾ കോടി 467.42 രൂപയും,(54.58 ശതമാനം) മുനിസിപ്പാലിറ്റി 29.17 കോടി രൂപ (52.10 ശതമാനം)യും കോർപ്പറേഷനുകൾ 190.54 കോടി രൂപ (43.30 ശതമാനം) യും ചെലവഴിച്ചതായും കാണപ്പെട്ടു. 3 ഗഡു അലോട്ടമെന്റ് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും റിലീസ് ചെയ്ത സാഹചര്യത്തിലാണ് സാമ്പത്തിക പുരോഗതിയുടെ ശതമാനം കഴിഞ്ഞ ആഴ്ചയെ അപേക്ഷിച്ച് കുറവ് വന്നതെന്നും യോഗം നിരീക്ഷിച്ചു.

**2.2** നടപ്പുസാമ്പത്തിക വർഷം ഷോർട്ട് ഫാൾ ഇല്ലാത്തതിനാൽ ചെലവഴിക്കാത്ത തുക മുഴുവൻ അടുത്ത വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 31.03.2015 വരെ സമർപ്പിക്കുന്ന അലോട്ട്മെന്റ്, ബില്ലുകൾ എന്നിവ സ്വീകരിക്കുന്നതിന് അടിയന്തിര നിർദ്ദേശം ധനകാര്യ വകുപ്പിന് നൽകുന്നതിന് തീരുമാനിച്ചു.

**2.3** കോഓർഡിനേഷൻ കമ്മിറ്റിയിലെ തീരുമാനങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കോഓർഡിനേഷൻ കമ്മിറ്റി യോഗ നടപടിക്കുറിപ്പുകൾ ലഭിച്ച് 24 മണിക്കൂറിനകം പുറപ്പെടുവിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. 25.02.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.8 സംബന്ധിച്ച സർക്കാർ ഉത്തരവ് 12.03.2015-നു പുറപ്പെടുവിച്ചതുപോലെയുള്ള സാഹചര്യം മേലിൽ ഉണ്ടാകരുതെന്നും യോഗം കർശന നിർദ്ദേശം നൽകി നിർദ്ദേശിച്ചു.

**2.4** തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകളുടെയും മേലുദ്യോഗസ്ഥർ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുന്നുവെന്നും, തീരുമാനങ്ങൾ സംബന്ധിച്ച ഉത്തരവുകൾ കാലതാമസം കൂടാതെ പുറപ്പെടുവിക്കുന്നുവെന്നും ഉറപ്പു വരുത്താൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ യോഗം ചുമതലപ്പെടുത്തി .

**2.5** ധനകാര്യ വകുപ്പിന്റെ ജി.ഒ(ആർ.ടി) നം.1230/15 നമ്പറിലുള്ള 13.02.2015-ലെ ഉത്തരവു പ്രകാരം പഞ്ചായത്തുകളുടെ പദ്ധതി വിഹിതം പരിഷ്ക്കരിച്ചിട്ടുണ്ട്. അതനുസരിച്ച് പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയാത്ത പഞ്ചായത്തുകളുടെ വാലിഡേഷൻ സംബന്ധിച്ച് തീരുമാനം പിന്നീട് കൈക്കൊള്ളുന്നതാണ്.

**2.6** അർഹരായ പട്ടികവർഗ കുടുംബങ്ങൾ ഇല്ലാത്തതിനാൽ ചെലവാകാതെ വരുന്ന റ്റി.എസ്.പി. ഫണ്ട് തിരിച്ചടയ്ക്കാൻ അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുകയും ഫണ്ട് പൂൾ ചെയ്യുന്നതുൾപ്പെടെയുമുള്ള കാര്യങ്ങൾ സജീവ പരിഗണനയിലുള്ളതിനാൽ ഈ വിഷയത്തിന്മേൽ നയപരമായ തീരുമാനം എടുക്കുന്നതുവരെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് പ്രസ്തുത തുക ക്യാരി ഓവർ ചെയ്യാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

2.7 നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന അംഗൻവാടി നിർമ്മാണത്തിന് ആവശ്യമുള്ള തുക പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവാക്കേണ്ടതാണെന്നും, നബാർഡിൽ നിന്നും റീ ഇംപേഴ്സ്മെന്റ് ലഭിക്കുമ്പോൾ ആയത് പഞ്ചായത്തിന്റെ അധിക സ്രോതസ്സായി ഉൾപ്പെടുത്തി പദ്ധതിയിനത്തിൽ ചെലവാക്കാവുന്നതാണെന്ന് തീരുമാനിച്ചു. ഇപ്രകാരം ഏറ്റെടുക്കേണ്ട അംഗൻവാടികളുടെ വിശദാംശങ്ങളും എസ്റ്റിമേറ്റും സാമൂഹ്യനീതി വകുപ്പ് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

2.8 06.05.2013-ലെ സർക്കാർ ഉത്തരവ് നമ്പർ 1209/13, 18.05.2013-ലെ സർക്കാർ ഉത്തരവ് നമ്പർ 1318/13 പ്രകാരവും സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തിക സഹായം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പു സാമ്പത്തിക വർഷത്തിലും സാമൂഹ്യ സുരക്ഷാ മിഷന് ധനസഹായം നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഭാവനയായി നൽകുന്ന തുക അതാതു സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്ക് തന്നെ സേവനമായി നൽകുന്നുണ്ടെന്ന് മിഷൻ ഉറപ്പു വരുത്തേണ്ടതാണ്.

2.9 വനിത വികസന കോർപ്പറേഷൻ

കോർപ്പറേഷൻ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കാൻ ആവശ്യമായ തുകയുടെ 50% അഡ്വാൻസായി നൽകാൻ 12.03.2015-ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം ഇനം 3.42 പ്രകാരം തീരുമാനമെടുത്തിരുന്നതാണ്. തത്സംബന്ധമായി താഴെപ്പറയുന്ന വിശദീകരണങ്ങൾ കൂടി നൽകാൻ യോഗം തീരുമാനിച്ചു.

1. സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ഒരു പദ്ധതി നിർവഹണം മാത്രമാണ് ഏൽപ്പിച്ചിട്ടുള്ളത് എന്നതിനാൽ പദ്ധതി മാർഗരേഖയിൽ മാറ്റം ആവശ്യമില്ല.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശുദ്ധീകരിച്ചതും സുരക്ഷിതവുമായ കുടിവെള്ളത്തിന്റെ ഉത്പാദനവും വിതരണവും എന്ന പദ്ധതി നടപ്പിലാക്കുന്നതിന് കെ.എസ്.ഡബ്ല്യു.ഡി.സി.യെ നിർവഹണ ഏജൻസിയായി നിശ്ചയിച്ച് തീരുമാനിച്ചു.
3. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ മുഖേനയുള്ള ശുദ്ധജല പദ്ധതി ആവശ്യമുണ്ടെങ്കിൽ അതിനായി സ്ഥലവും, പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുകയുടെ 50% മുൻകൂറായി നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

2.10 2014-15 വർഷം നടപ്പാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ജി.ഒ പ്രോജക്ടാക്കി മാറ്റി തുക നേരിട്ട് ഐ.എ.വൈ ലേയ്ക്ക് വകയിരുത്തുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകി തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം.64183/ഡി.ബി2/13/തസ്വഭവ)

മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥനായി ചീഫ് വെറ്ററിനറി ഓഫീസറെ നിയോഗിച്ച് ഉത്തരവാകണം എന്ന ആവശ്യം വകുപ്പു തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 പുത്തൻചിറ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 141471/ഡി.എ2/15/തസ്വഭവ)

ഒരിക്കൽ ഭേദഗതി ചെയ്ത പ്രോജക്ടുകൾ പോലും ഭേദഗതി ചെയ്യാൻ അനുമതി നൽകൊണ്ടുള്ള കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പ്രാബല്യത്തിലുള്ളതിനാൽ പൈപ്പ്ലൈന്റെ പ്രവൃത്തി നടക്കുന്നതു നിമിത്തം നടപ്പിലാക്കാൻ കഴിയാത്ത നാല് സ്പിൽഓവർ പ്രോജക്ടുകൾക്ക് പകരമായി

മറ്റ് പ്രോജക്ട് ഏറ്റെടുക്കാൻ അനുവദിക്കണം എന്ന ആവശ്യം സർക്കാർ തലത്തിൽ പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു. .

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 410/15/ആർ.ഡി. പി&സി ) )**

പൊതുവിഷയം 2.6 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ചമ്പക്കുളം ഗ്രാമപഞ്ചായത്ത്**

**(ബഹു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിക്ക് നൽകിയ കത്ത്)**

പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്നതുപോലെ ജനറൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും സൈക്കിളും പഠനോപകരണങ്ങളും വിതരണം ചെയ്യാൻ അനുവദിക്കണ മെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**(ബഹു. ഗ്രാമവികസന വകുപ്പ് മന്ത്രി മുഖേന നൽകിയ കത്ത് )**

ഇ-ടോയ്‌ലറ്റ് നവീകരണ പദ്ധതിക്ക് അംഗീകാരം നൽകണമെന്ന ാവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.01.2015-ലെ യും 04.02.2015-ലെയും യോഗങ്ങളിൽ ചർച്ച ചെയ്തതു പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം ചർച്ച ചെയ്യാമെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 വിജയപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്**

**ബഹു. തദ്ദേശസ്വയംഭരണ സാമൂഹ്യനീതി വകുപ്പ് മന്ത്രിക്കു നൽകിയ കത്ത്**

2015 മാർച്ച് 31 നകം വസ്തു നികുതി അടയ്ക്കുന്നവർക്ക് പിഴപലിശ ഒഴിവാക്കി നേരത്തെ തീരുമാനം എടുത്തിട്ടുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ചേർത്തല നഗരസഭാ ചെയർപേഴ്സൺ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ കത്ത്**

2013-14 സാമ്പത്തിക വർഷത്തെ വേൾഡ് ബാങ്കിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികൾക്ക് ആവശ്യമെങ്കിൽ തനത് ഫണ്ട് ഉപയോഗിക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കറുകച്ചാൽ ഗ്രാമപഞ്ചായത്ത് (ഫയൽ.നം.7177/ഡി.എ2/തസ്വഭവ)**

പട്ടികവർഗ വിഭാഗങ്ങൾക്കായി സിന്തറ്റിക് വാട്ടർടാങ്ക് 500 ലിറ്റർ വരെയുള്ളത് വിതരണം ചെയ്യാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് (ഫയൽ.നം.97653/ഡി.എ2/തസ്വഭവ)**

ജൈവ വൈവിദ്ധ്യ പഠനകേന്ദ്രം ആർട്ട് ഗ്യാലറിയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട 14 ഇനങ്ങൾക്ക് 1% കുറവിൽ ടെണ്ടർ അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ നടപടി അംഗീകരിക്കാവുന്നതാണെന്ന എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ശുപാർശ യോഗം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് (ബഹു. എം.എൽ.എ ശ്രീ. സി. മോയിൻകുട്ടി മുഖേന)**

ഗ്രാമപഞ്ചായത്തിൽ ഗവ.ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക 2014-15, 2015-16 വർഷങ്ങളിലും തനത് ഫണ്ടിൽ നിന്നു നൽകുന്നതിന് ഗ്രാമപഞ്ചായത്തിനെ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് (ബഹു. എം.എൽ.എ ശ്രീ. സി. മോയിൻകുട്ടി മുഖേന)**

നാഷണൽ സ്ക്കൂൾ അത്‌ലറ്റിക്സിൽ പങ്കെടുത്ത് മെഡലുകൾ കരസ്ഥമാക്കിയ പഞ്ചായത്ത് പ്രദേശത്തെ വിദ്യാർത്ഥികൾക്ക് തനത് ഫണ്ടിൽ നിന്ന് പാരിതോഷികം നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 132609/ഡി.ഡി.2/15/തസ്വഭവ**

ഐ.എ.വൈ. വീടുകളിൽ ചിലതിൽ മേൽക്കൂരയായി അസ്ബറ്റോസ് ഷീറ്റ് ഉപയോഗിച്ചതിനാൽ അവസാന ഗഡു നൽകാതിരുന്ന ഗുണഭോക്താക്കൾക്ക്, പൂർത്തിയാക്കിപ്പോയ സാഹചര്യം കണക്കിലെടുത്ത് പ്രത്യേക കേസായി അവസാന ഗഡു നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പത്തനംതിട്ട നഗരസഭ (ഫയൽ നം.6586/ഡി.സി3/15/തസ്വഭവ)**

ലൈബ്രറി കെട്ടിട നിർമ്മാണത്തിന് ഡെപ്പോസിറ്റ് നൽകേണ്ടതില്ലെന്നും അടുത്ത വർഷം പ്രസ്തുത പ്രോജക്ട് സ്പിൽഓവറായി ഏറ്റെടുക്കാവുന്ന താണെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്**

കെ.ഐ.പി.യുടെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് റോഡ് നിർമ്മാണം നടത്തേണ്ടതില്ലെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 44249/ഡി.എ3/15/തസ്വഭവ)**

5 ലക്ഷം രൂപയ്ക്ക് ക്വട്ടേഷൻ ഉറപ്പിച്ച് നൽകിയ കരാറുകാരനു തന്നെ അടങ്കൽ തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ ക്വട്ടേഷൻ ഇല്ലാതെ കരാർ നൽകുന്നത് ഉചിതമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

സ്പിൽഓവർ പദ്ധതികളുടെ ബില്ലുകൾ 31.03.2015-നകം സമർപ്പിക്കാവുന്ന താണെന്ന് നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ കുടിവെള്ള ടാങ്ക് സ്പിൽഓവർ പദ്ധതിക്ക് ഇനിയും കാലാവധി നീട്ടി നൽകാവുന്നതല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കൊല്ലം ജില്ലാ പഞ്ചായത്ത**

അഗതികളായ പട്ടികവർഗക്കാർക്ക് പോഷകാഹാര വിതരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് മുൻകാല പ്രാബല്യത്തോടെ ജില്ലാപഞ്ചായത്തിനെ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

മരുന്നു വിതരണം ആശുപത്രി മുഖേന ആയിരിക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി വൃദ്ധജനങ്ങൾക്ക് കോമൺ ഫെസിലിറ്റി സെന്റർ എന്ന പ്രോജക്ട് നടപ്പിലാക്കാൻ അനുവദിച്ചു തീരുമാനിച്ചു. .

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 തിരുവനന്തപുരം നഗരസഭ(ഫയൽ നം. 153030/എഫ്.എം.2/15/തസ്വഭവ)**

നോൺ റോഡ് മെയിന്റനൻസ് ഫണ്ടോ തനത് ഫണ്ടോ ഉപയോഗിച്ച് വെള്ളക്കര കുടിശ്ശിക അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 വൈത്തിരി ഗ്രാമപഞ്ചായത്ത് (ബഹു. എം.എൽ.എ. ശ്രീ. എം.വി. ശ്രേയാംസ് കുമാർ മുഖേന) (ഫയൽ നം. ഇ– 153554/ഡി.എ2/15/തസ്വഭവ)**

ദേശീയപാതാ വികസനം ഗ്രാമപഞ്ചായത്തിന്റെ ചുമതലയല്ലാത്തതിനാൽ ദേശീയപാതാ അതോറിട്ടിക്ക് 50 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്യേണ്ട തില്ലെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ഏഴിക്കര ഗ്രാമഞ്ചായത്ത് (ഫയൽ നം. ഇ–107471/ഡി.എ2/15/തസ്വഭവ)**

മത്സ്യതൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്നത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നുള്ളത് മാറ്റി എല്ലാ വിഭാഗങ്ങൾക്കും നൽകേണ്ടതാണെന്നു തീരുമാനിച്ചു. ഇതനുസരിച്ച് സ.ഉ.362/2013–ലെ 16.11.2013–ലെ ഉത്തരവിലെ സബ്സിഡി മാനദണ്ഡങ്ങൾ 3,4 (b) (8) ൽ കോളം 5ൽ നിന്ന് "പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗം" എന്നീ വാക്കുകൾ നീക്കം ചെയ്യുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 പത്തനാപുരം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 5102/ഡി.എ1/15/തസ്വഭവ))**

പത്തനാപുരം ഗ്രാമപഞ്ചായത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് UA നമ്പരിലുള്ള വാസഗൃഹങ്ങളിൽ താമസിക്കുന്നവർക്ക് പഞ്ചായത്തിൽ നിന്നും അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 പന്മന ഗ്രാമപഞ്ചായത്ത്**

വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ എഞ്ചിനീയർമാരുടെ ശുപാർശയ്ക്ക് അനുസൃതമായി വീതി പരിഗണിക്കാതെ റോഡുകൾ കോൺക്രീറ്റ് ചെയ്യുകയോ ഇന്റർലോക്ക് ചെയ്യുകയോ ചെയ്യാൻ യോഗം അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 15576/ഡി.ബി1/14/തസ്വഭവ)**

2010–11 മുതൽ നടത്തി വരുന്ന പാരമ്പര്യ ചികിത്സാ പദ്ധതി 2014–15 വർഷവും നടപ്പിലാക്കുന്നതിന് പ്രത്യേക കേസായി അനുമതി നൽകി തീരുമാനിച്ചു. ഇതിന്റെ നിർവഹണം ആറു മാസക്കാലം വിലയിരുത്തി ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആയുർവേദം) റിപ്പോർട്ട് പഞ്ചായത്ത് സെക്രട്ടറി കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് ചെയർമാന്റെ കത്ത് (ഫയൽ നം. 118987/ഡി.എ1/14/തസ്വഭവ)**

നീര പാനീയവുമായി ബന്ധപ്പെട്ട മാർക്കറ്റിംഗ് സംരംഭങ്ങൾക്ക് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപന ങ്ങളിലെ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 കട്ടപ്പന ഗ്രാമപഞ്ചായത്ത് (ഫയൽ നം. 1355/ഇ.പി.എ2എ1/15/തസ്വഭവ)**

ആധുനിക അറവുശാലയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്**

2003–04 വർഷത്തിൽ വാങ്ങിയ ട്രാക്ടർ ഇനിയും റിപ്പയർ ചെയ്യുന്നതുകൊണ്ടു പ്രയോജനമുണ്ടാവാൻ സാധ്യതയില്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പഴയവ വിൽക്കാൻ നടപടി സ്വീകരിക്കാനും റിപ്പയറിംഗ് സംബന്ധമായ തുടർ ചെലവുകൾ കാർഷിക വികസന സമിതി നിർവഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ബഹു. മുഖ്യമന്ത്രിക്ക് നൽകിയ കത്ത്)**

നിലവിലുള്ള മാർഗരേഖയും ഉത്തരവും പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹരായവർക്ക് സ്ക്കൂട്ടർ വിത്ത് ത്രീവീലർ നൽകുന്നതിന് എല്ലാ തലത്തിലുമുള്ള പഞ്ചായത്തുകൾക്കും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 ആവോലി ഗ്രാമപഞ്ചായത്ത്**

**(മൂവാറ്റുപുഴ എം.എൽ.എ ശ്രീ. ജോസഫ്. വാഴക്കൻ മുഖേന)**

പഞ്ചായത്തിന്റെ പ്രമേയത്തിലുള്ള അവ്യക്തതയും പരസ്പര വൈരുദ്ധ്യവും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 93798/ഡി.എ3/14/തസ്വഭവ)**

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ വകുപ്പുതലത്തിൽ പരിശോധിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്**

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 2014–15 വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകളിൽ സി.എച്ച്.സി. റൂഫിംഗ്, ഗൈനക്കോളജി വാർഡ് റൂഫിംഗ് ആശുപത്രിയിലെ വിശ്രമകേന്ദ്രം, വനിത പ്രവർത്തന കേന്ദ്രത്തിലെ ടോയ്ലറ്റ്, കോമ്പൗണ്ട്വാൾ എന്നീ പ്രോജക്ടുകൾ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചു നടപ്പാക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 മലപ്പുറം ജില്ലാ പഞ്ചായത്ത്**

കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റിക്ക് സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകിയതുപോലെ ഈ വർഷവും നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

സാമൂഹ്യനീതി വകുപ്പിന്റെ സ്നേഹപൂർവം പദ്ധതി പോലെ സർക്കാർപദ്ധതി നടപ്പിലാക്കുന്നതിനാൽ പഞ്ചായത്തുകൾ ഇത്തരം പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

പട്ടികജാതി വിഭാഗങ്ങലുടെ ഗ്രൂപ്പുകൾക്ക് കാർഷികോപകരണങ്ങൾ നൽകുന്ന പദ്ധതി ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കേണ്ടതാണെങ്കിലും ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തുകൾ തയ്യാറല്ലെങ്കിൽ ജില്ലാ പഞ്ചായത്തിനും ഗ്രാമസഭയിലെ ഗുണബോക്തൃ ലിസ്റ്റ് അനുസരിച്ച് നടപടികൾ കൈക്കൊള്ളാവുന്നതാണ് എന്നു യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽനം. 57657/ഡി.ബി.1/14/തസ്വഭവ)**

2006-07 മുതൽ നടപ്പാക്കി വരുന്ന മുകുളം സമഗ്ര വിദ്യാഭ്യാസ പദ്ധതി 2014-15 വർഷവും നടപ്പിലാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭ

**3.36 തലശ്ശേരി ജനറൽ ആശുപത്രി സംബന്ധിച്ച് ശ്രീ. കൊടിയേരി ബാലകൃഷണൻ എം.എൽ.എയുടെ കത്ത് (ഫയൽനം,126685/എഫ്,എം.2/ 15/തസ്വഭവ)**

തലശ്ശേരി ജനറൽ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിന് 5 ഏക്കർ സ്ഥലം ആർജ്ജിക്കുന്നതിന് തലശ്ശേരി താലൂക്കിലെ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും കണ്ണൂർ ജില്ലാ പഞ്ചായത്തും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് 03.12.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.14 പ്രകാരവും 17.12.2014-ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം ഇനം 3.15 പ്രകാരവും കൈക്കൊണ്ട തീരുമാനം ഭേദഗതി ചെയ്ത് പ്രത്യേക കേസായി പദ്ധതി വിഹിതത്തിൽ നിന്നും തുക നൽകുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 മഞ്ചേരി നഗരസഭ**

ശിഹാബ് തങ്ങൾ ഭവന പദ്ധതിക്കായി സർക്കാർ അനുമതിയോടെ 10 കോടി രൂപ വായ്പ എടുത്തതിന്റെ പലിശ തുക പദ്ധതി വിഹിതത്തിൽ നിന്നും അടവാക്കുന്നതിനുള്ള അപേക്ഷ നിരസിച്ചു. പലിശ തനത് ഫണ്ടിൽ നിന്നാണ് നൽകേണ്ടത്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 പാലക്കാട് മുനിസിപ്പാലിറ്റി**

മുനിസിപ്പാലിറ്റിയുടെ 150-ാം വാർഷികത്തോടനുബന്ധിച്ച് 1 വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും 75 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 കൊല്ലം കോർപ്പറേഷൻ**

31.12.2012–നു ശേഷം എഗ്രിമെന്റ് വച്ച ഇ.എം.എസ് ഭവന പദ്ധതിയിൽ ചെലവായ തുകയ്ക്ക് വന്ന ഓഡിറ്റ് തടസ്സം സാധൂകരിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യവും പണി പൂർത്തീകരിക്കാത്തവയ്ക്ക് ശേഷിച്ച തുക നൽകുന്നതിനുള്ള അനുവാദവും സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 കോഴിക്കോട് കോർപ്പറേഷൻ**

മാലൂർകുന്ന് പട്ടികജാതി കോളനിയിലെ രാജീവ് ആവാസ് യോജന (RAY) പദ്ധതിക്ക് പട്ടികജാതി വികസന ഫണ്ടിൽ നിന്നും സംസ്ഥാന വിഹിതവും നഗരസഭാ വിഹിതവും അടവാക്കുന്നത് എസ്.സി. ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായിരിക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.41 കോട്ടയം ജില്ലാ കളക്ടറുടെ കത്ത്**

കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നെൽക്കൃഷി കൊയ്ത്ത് തടസ്സപ്പെടുന്ന വിധത്തിൽ ജലാശയങ്ങളിലെ പോള- പായൽ ശല്യം ഉള്ളത് പരിഹരിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറായും മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തഹസിൽദാർമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സുതാര്യമായ രീതിയിൽ പ്രവർത്തിക്കുന്നതിന് സഹായകമായി അവിടങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ 2014–15–ലെ തനത് ഫണ്ട്/പ്ലാൻ ഫണ്ടിൽ നിന്നും 2 ലക്ഷംരൂപ വരെ വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.42 ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

ജാതിതൈ വിതരണം, തെങ്ങിൻ തൈ വിതരണം എന്നിവയ്ക്ക് ഗുണഭോക്തൃ വിഹിതം നൽകണമെന്ന ആവശ്യം സംസ്ഥാനത്തെ ഏക ആദിവാസി/പട്ടികവർഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ അപ്രായോഗികമാകുന്ന പ്രത്യേക സാഹചര്യത്തിൽ 100 ശതമാനം തുകയും സബ്സിഡിയായി നൽകണമെന്ന ആവശ്യം പ്രത്യേക കേസായി അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.43 കൊല്ലം ജില്ലാ പഞ്ചായത്ത്**

അംഗനവാടി കെട്ടിട നിർമ്മാണം സംയുക്ത പ്രോജക്ടായി ഏറ്റെടുക്കാൻ അനുവദിച്ച് കോഓർഡിനേഷൻ കമ്മിറ്റി യോഗം 09.07.2014 ൽ തീരുമാനിച്ചിട്ടു ള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.44 ആറ്റിങ്ങൽ നഗരസഭ**

മാലിന്യ പരിപാലന സംവിധാനം പ്രവർത്തിപ്പിക്കുന്ന അംഗീകൃത ഏജൻസികളിൽ നിന്നും സാനിട്ടറി ലാന്റ് ഫില്ലിംഗ് പദ്ധതിക്ക് ലഭിച്ച ക്വട്ടേഷൻ അംഗീകരിക്കണമെന്ന ആവശ്യം വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിനായി നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.45 ചേർത്തല നഗരസഭ**

നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ 5 ലക്ഷം രൂപ മാത്രമാണുള്ളതെന്ന് മുനിസിപ്പൽ ചെയർമാൻ അറിയിച്ച സാഹചര്യത്തിൽ ചേർത്തല നഗരസഭ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വൈദ്യുതി കുടിശ്ശിക തനത് ഫണ്ട്/നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും അടവാക്കാൻ 18.03.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.9 പ്രകാരം തീരുമാനിച്ചത് ഭേദഗതി ചെയ്ത് ആശുപത്രി പ്രവർത്തനം മുടങ്ങാതിരിക്കാനായി പ്ലാൻ ഫണ്ടിൽ നിന്നും അടവാക്കാൻ പ്രത്യേക കേസായി അനുമതി നൽകി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.46 കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 158496/ഡി.എ2/15/തസ്വഭവ)**

കഴിഞ്ഞ 5 വർഷത്തെ പ്രവർത്തന നേട്ടങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിന് തനത് ഫണ്ടിൽ നിന്നും 50000 രൂപ അനുവദിക്കണമന്ന ആവശ്യം വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.47 നഗരൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 153567/ഡി.എ2/15/തസ്വഭവ)**

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 50:25:05 എന്ന അനുപാതത്തിൽ വകയിരുത്തിയിരുന്നെങ്കിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതം അപര്യാപ്ത മായതിനാലും ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്താത്തിതിനാലും ഗ്രാമപഞ്ചായത്ത് വിഹിതം പൂർണ്ണമായി അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.48 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 152087/ഡി.എ2/15/തസ്വഭവ)**

2015–16 വാർഷിക പദ്ധതിയിൽ വികസന ഫണ്ടിലുൾപ്പെടുത്തി 3 അംഗനവാടി കെട്ടിടവും പൂരക പോഷകാഹാര പദ്ധതിയിൽ റീ ഇംപേഴ്മെന്റായി ലഭിച്ച തുക ഉപയോഗിച്ച് 4 അംഗൻവാടികെട്ടിടവും പൂർത്തീകരിച്ച നടപടിക്ക് സാധുകരണം നൽകണമെന്ന ഗ്രാമവികസന കമ്മീഷണറുടെ ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.49 അഴുത ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 152050/ഡി.എ2/15/തസ്വഭവ)**

വഞ്ചിവയൽ പട്ടികവർഗ കോളനിയിലെ സ്ക്കൂൾ കുട്ടികളുടെ ഉപയോഗ ത്തിനായി 2014–15–ൽ വാഹനം വാങ്ങി നൽകുന്ന പദ്ധതിയുടെ ആവർത്തന ചെലവുകൾ വഹിക്കുന്നത് സംബന്ധിച്ച് 27.08.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.21 പ്രകാരം ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് വാഹന മെയിന്റനൻസ്, ഡ്രൈവറുടെ ശമ്പളം, ടാക്സ്, ഇൻഷ്വറൻസ് എന്നിവ പെരിയാർ ടൈഗർ റിസർച്ച് ഈസ്റ്റ് ഡിവിഷൻ, ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി, തേക്കടി വഹിക്കുമെന്ന് അറിയിച്ചിരിക്കുന്നതിനാൽ ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.50കോടഞ്ചേരി ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 64028/ഇപി.എ2/14/തസ്വഭവ)**

പാത്തിപ്പാറ കുടിവെള്ള പദ്ധതിയുടെ  വൈദ്യുതി ചാർജും അറ്റകുറ്റപ്പണികളും പഞ്ചായത്തിന്റെ തനത്  ഫണ്ടിൽ നിന്നും അടവാക്കുന്നതിനും , പമ്പ് ഓപ്പറേറ്ററുടെ വേതനം അത്യന്താപേക്ഷിതമായതിനാൽ പദ്ധതിയുടെ മെയിന്റനൻസ് ചാർജിൽ ഉൾപ്പെടുത്തി  വാട്ടർ അതോറിട്ടി പാർട്ട് ടൈം പമ്പ് ഓപ്പറേറ്റർക്കു നൽകുന്ന വേതനത്തിൽ അധികരിക്കാതെ നൽകുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**51  എൻഡോ സൾഫാൻ പീഢിത ജനകീയ മുന്നണിയുടെ നിവേദനം**
**(ഫയൽ നം. 72968/ഐ.എ1/14/തസ്വഭവ)**

എൻഡോ സൾഫാൻ പീഢിത ജനകീയ മുന്നണിയുമായി സർക്കാർ 2014 ജനുവരി 28-ന് ഉണ്ടാക്കിയ  ഒത്തു തീർപ്പ് വ്യവസ്ഥ നടപ്പിലാക്കണമെന്ന ആവശ്യം സംബന്ധിച്ച്  പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്നതിനായി നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.52 കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്   (ഫയൽ നം. 152033/ഡി.ഡി.2/15/തസ്വഭവ)**

60 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധ രോഗികൾക്ക്  ആയുർവേദ മരുന്നു വാങ്ങി നൽകുന്നതിനുള്ള ആവശ്യം  രോഗികൾക്ക് മരുന്ന് നൽകേണ്ടത് ആശുപത്രി മുഖേനയായിരിക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.53 ഒറ്റപ്പാലം നഗരസഭ**

എം.എൻ, ലക്ഷം വീട് പദ്ധതിയിൽ ഡ്യൂപ്ലക്സ് വീടുകൾക്ക്  പകരം  പുതിയ വീടുകൾ നിർമ്മിക്കുന്നതിന്  സംഗിൾ യൂണിറ്റിന് 3 ലക്ഷം രൂപ ധനസഹായം നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്മേൽ  വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.54 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

ഗ്രാമപഞ്ചായത്തുകളുടെ  ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്റർ വീതിയുള്ള ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിനും  2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തി  ടി റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്യുന്നതിനും അനുമതി ആവശ്യപ്പെട്ടത് പിന്നീട് പരിഗണിക്കുന്നതിന് മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.55 പാനൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.152071/ഡി.ഡി.2/15/തസ്വഭവ)**

2014-15 വാർഷിക പദ്ധതയിൽ ഉൾപ്പെടുത്തിയ  ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത  രണ്ട്  പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥർ നിസ്സഹകരിച്ചതിനാൽ പ്രത്യേക അനുമതി നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന്  തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.56 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.152055/ഡി.ഡി.2/15/തസ്വഭവ)**

എസ്.സി.പി.യിൽ  വിദേശത്ത് തൊഴിൽ ലഭിക്കുന്നതിനുള്ള ധനസഹായവും, മെഡിക്കൽ എഞ്ചിനീയറിംഗ് പരിശീലനത്തിനുള്ള ധനസഹായവും വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ പിന്നീട് തീരുമാനിക്കുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.57 അടിമാലി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.152043/ഡി.ഡി.2/15/തസ്വഭവ)**

പഴമ്പള്ളിച്ചാൽ അംബേദ്കർ ഗ്രാമത്തിൽ റോഡ് സൈഡിൽ വെയിറ്റംഗ് ഷെഡ് നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യത്തിന്മേൽ വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.58 അഴുത ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.147403/ഡി.എ.2/15/തസ്വഭവ)**

പട്ടികജാതി വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിനും ഉപരി പഠനത്തിനും ധനസഹായം നൽകുന്ന പദ്ധതിക്ക് വൈകി അപേക്ഷ സമർപ്പിച്ച നിലവിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ അപേക്ഷ പരിഗണിച്ച് ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടത് വകുപ്പുതലത്തിൽ പരിശോധിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.30–ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 08.04.2015 ൽ രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**